**ഇഹ്സാൻ**

# ഈനാംപേച്ചിയും മരപ്പട്ടിയും

**നീണ്ട** 18 വർഷങ്ങൾക്കു ശേഷം സൽമാൻ റുശ്ദി വീണ്ടും വാർത്തകളിലേക്ക് പൊട്ടിവീണിരിക്കുന്നു. ബ്രിട്ടനിലെ രാജ്ഞിയുടെ ജന്മദിന ബഹുമതിയായ 'നൈറ്റ്ഹുഡ്' അഥവാ 'സർ' പദവിക്ക് തെരഞ്ഞെടുക്കപ്പെട്ടതാണ് ലോകത്തിന്റെ ഏതോ കോണിൽ ഇദ്ദേഹം ഇപ്പോഴുമുണ്ടെന്ന വിവരം പുറത്തുവരാനിടയാക്കിയത്. ഇംഗ്ലണ്ടിലെ രാജ്ഞിയുടെ മുമ്പാകെ റുശ്ദിയുടെ സർപദവി തീരുമാനത്തിനെത്തുമ്പോൾ ടിയാൻ അമേരിക്കയിലെ ന്യൂയോർക്കിലേക്ക് സ്ഥിരതാമസം മാറ്റിയിട്ട് ഏതാനും മാസങ്ങൾ പിന്നിട്ടിരുന്നു. എങ്കിലും ഇന്ത്യക്കാരനായ ഈ അഭയാർഥിയെ വിളിച്ചുവരുത്തി ആദരിക്കാൻ തന്നെ രാജ്ഞി തീരുമാനിച്ചു. സമൂഹത്തിൽ ഏതെങ്കിലും പ്രകാരത്തിലുള്ള സ്പർധ വളർത്തിയവർക്ക് പൊതുവെ സർ പദവി നൽകാറില്ല. പാകിസ്താൻ ഗവൺമെന്റ് ചൂണ്ടിക്കാട്ടിയതുപോലെ 'യുനെസ്കോ' കീഴ്വഴക്കങ്ങൾക്കു നിരക്കാത്തതായിരുന്നു ഈ പ്രവൃത്തി. ഇംഗ്ലണ്ടിന്റെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് മുൻതൂക്കം കൊടുത്താണ് ഈ പദവി നൽകിയതെന്നിരിക്കട്ടെ. അബദ്ധം അവിടെയും സംഭവിച്ചു. ലോകോത്തര സാഹിത്യകാരനാണ് റുശ്ദിയെന്ന് സ്ഥാപിക്കാനായി 'ചെകുത്താന്റെ വചനങ്ങൾ' എന്ന കൃതിയുടെ കാര്യം കൂടി കൂട്ടത്തിൽ എടുത്തു പറയേണ്ടിയിരുന്നില്ല. ഇസ്ലാം മതത്തെയും മുസ്ലിംകളെയും നിന്ദിക്കുകയാണ് റുശ്ദിക്ക് ബഹുമതി നൽകിയവരുടെ ലക്ഷ്യമെന്നു വെക്കുക. അപ്പോഴും 'ഭീകരത'ക്കെതിരെയുള്ള 'അന്താരാഷ്ട്ര സമൂഹത്തിന്റെ' യുദ്ധത്തിന് മുൻകാലത്ത് നൽകിയ 'വിശിഷ്ടമായ ബൗദ്ധിക പിന്തുണ' പരിഗണിച്ചാണ് 'സർ' പദവി നൽകിയിരുന്നതെങ്കിൽ ആരും കുറ്റം പറയില്ലായിരുന്നു. പക്ഷേ, റുശ്ദിയുടെ 'സാഹിത്യ സംഭാവന' അതിനു മാത്രം മഹത്തരമാണെന്ന വിവരം സർ പദവിയിലൂടെ ലോകം അറിയേണ്ടിവന്നത് ആ പദവിക്കു തന്നെ നാണക്കേടുണ്ടാക്കുന്ന ഏർപ്പാടായി മാറി.

മുസ്ലിം ലോകത്ത് റുശ്ദിക്കെതിരെ നടക്കുന്ന പ്രതിഷേധത്തെ കുറിച്ച് ബ്രിട്ടനിൽനിന്നുള്ള പ്രതികരണങ്ങൾ അന്നാട്ടുകാരെ കുറിച്ച് ആരിലും സഹതാപമുണ്ടാക്കുന്ന തരത്തിലുള്ളവയാണ്. റുശ്ദിക്ക് സർ പദവി നൽകാനുള്ള തീരുമാനം ഇത്രത്തോളം വിവാദമുണ്ടാക്കുമെന്ന് തങ്ങൾ ഒരിക്കലും കരുതിയില്ലെന്നാണ് 'നൈറ്റ്ഹുഡ്' ശിപാർശ കമ്മിറ്റിയുടെ സാഹിത്യവിഭാഗം അധ്യക്ഷനായ ലോർഡ് റോത്ത്ഷീൽഡ് പറയുന്നത്. റുശ്ദിക്ക് സർ പദവി നൽകിയതിലൂടെ ഇംഗ്ലണ്ടിനും ഏഷ്യൻ രാജ്യങ്ങൾക്കുമിടയിലെ ബന്ധങ്ങൾ കുറേക്കൂടി മെച്ചപ്പെടുമെന്ന ധാരണയാണ് തങ്ങൾക്കുണ്ടായിരുന്നത് എന്നാണ് റുശ്ദിക്കു വേണ്ടി പ്രചാരണം നടത്തിയ സാഹിത്യകാരന്മാരുടെ സംഘടന പറയുന്നത്. ഒരു വ്യക്തിയുടെ സാഹിത്യ സംഭാവനകളെ അദ്ദേഹത്തിന്റെ ഏതെങ്കിലും പുസ്തകത്തിലെ ഒന്നോ രണ്ടോ വരികളുടെ അടിസ്ഥാനത്തിൽ അളക്കപ്പെടുന്നത് ദൗർഭാഗ്യകരമാണെന്നാണ് കമ്മിറ്റിയിലെ മറ്റൊരംഗം പ്രതികരിച്ചത്. ഇവരുടെ ചിന്താനിലവാരത്തെ കുറിച്ച് എന്തു പറയാൻ! ലോകത്തെ ഏറ്റവും മികച്ച റോഡ് കോൺട്രാക്ടർ എന്ന നിലയിൽ അന്താരാഷ്ട്ര നഗരവികസന മേഖലയിൽ നടത്തിയ സേവനങ്ങൾ മുൻനിർത്തി ഉസാമാ ബിൻലാദിനെ ഏതെങ്കിലും മുസ്ലിം രാജ്യം 'വിശിഷ്ട പൗരത്വം' നൽകി ആദരിച്ചാൽ അമേരിക്കക്കാർക്ക് എന്തു തോന്നും? വാസ്തവത്തിൽ ഉസാമയുടെ വർഷങ്ങളോളമുള്ള തൊഴിൽ അതായിരുന്നല്ലോ. അവാർഡുകൾ നൽകുന്നത് രാഷ്ട്രീയമായ താൽപര്യങ്ങൾ കൂടി സംരക്ഷിക്കാനാണെന്ന് ഇക്കാലത്ത് ബുദ്ധിയുള്ളവരെ ആരെയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. പക്ഷേ ഏറ്റവും കൂടുതൽ ആരാധകരും കുറച്ച് എതിരഭിപ്രായക്കാരുമുള്ള ആളുകളെയാണ് അവാർഡുകൾക്ക് പരിഗണിക്കേണ്ടതെന്ന് ഇതേ സർ പദവിയുടെ കാര്യത്തിൽ തങ്ങളുടെ മുൻ പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിൽ പറഞ്ഞ വാക്കുകളെങ്കിലും ഇംഗ്ലീഷുകാർക്ക് ഓർക്കാമായിരുന്നു.

മുസ്ലിംലോകത്തിന്റെ പ്രതികരണത്തിലുമുണ്ട് ഒരുതരം കഥയില്ലായ്മ. സർ പദവിക്കും അത് നൽകുന്ന ഇംഗ്ലണ്ട് എന്ന രാജ്യത്തിന്റെ ഇപ്പോഴത്തെ രാഷ്ട്രീയ നിലപാടുകൾക്കുമൊക്കെ അർഹിക്കുന്നതിനേക്കാൾ വലിയ ആദരവ് മുസ്ലിംലോകത്ത് നിലനിൽക്കുന്നുണ്ടെന്ന തിരിച്ചറിവാണ് പാകിസ്താനിലും ഇറാനിലും അറബ് രാജ്യങ്ങളിലും എന്തിനേറെ ഇന്ത്യയിൽ പോലുമുണ്ടായ പ്രതിഷേധ പ്രകടനങ്ങൾ വെളിച്ചത്തുകൊണ്ടുവന്നത്. റുശ്ദിയെ കോടിക്കണക്കിന് ഡോളർ ചെലവിട്ട് ഇത്രയും കാലം സംരക്ഷിച്ച ബ്രിട്ടൻ അദ്ദേഹത്തിന് ബഹുമതി കൊടുക്കാതിരുന്നെങ്കിലല്ലേ അത്ഭുതമുള്ളൂ? നോബൽ അടക്കമുള്ള അന്താരാഷ്ട്ര ബഹുമതികളെ കുറിച്ച് എത്രയോ വർഷങ്ങളായി അന്താരാഷ്ട്ര ബുദ്ധിജീവി സമൂഹത്തിൽ നിലനിൽക്കുന്ന നിസ്സംഗത എന്തുകൊണ്ടോ ഇക്കാര്യത്തിൽ മുസ്ലിംലോകത്തിനു മാതൃകയായില്ല. 'സർ' പദവിയിലേക്ക് സൽമാൻ റുശ്ദിയുടെ പേര് അംഗീകരിച്ചത് സ്ഥാനമൊഴിഞ്ഞ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയറാണെന്ന വസ്തുതയും പ്രതിഷേധക്കാർ ബഹളത്തിനിടയിൽ മറന്നു. വെറുമൊരു സർ പദവിയേക്കാൾ അപ്പുറമുള്ള മറ്റു പലതും ഈ തീരുമാനത്തിന്റെ പിന്നിലുണ്ട് എന്നതാണ് വാസ്തവം. ഗ്വാണ്ടനാമോയിൽ അമേരിക്കൻ സൈനികർ ഖുർആൻ കത്തിച്ച കാലത്തായിരുന്നു ഡെന്മാർക്ക് കേന്ദ്രമായി പ്രവാചക കാർട്ടൂൺ വിവാദമുണ്ടായത്. സർ പദവി വിവാദത്തിലൂടെ ഇസ്രയേൽ ഫലസ്തീനിൽ നടത്തുന്ന നരനായാട്ട് ഒരിക്കൽകൂടി ലോകത്തിന്റെ കണ്ണിൽനിന്ന് മറച്ചുപിടിക്കാനായി. ഇതേ ടോണി ബ്ലെയറിനെ മധ്യപൗരസ്ത്യ ദേശത്തെ സമാധാന അംബാസഡറായി നിയമിച്ചതിലെ കുറേക്കൂടി വലിയ അപകടവും ഈ ബഹളത്തിനിടയിൽ മുങ്ങിപ്പോവുന്നു. ഇംഗ്ലണ്ടിൽനിന്നും പുറത്തേക്ക് കയറ്റിയയക്കാവുന്നതിൽ ഏറ്റവും മോശപ്പെട്ട ഈ മനുഷ്യനെ ലോകത്ത് സമാധാനമുണ്ടാക്കുന്ന പണിയാണ് അമേരിക്ക ഏൽപിച്ചുകൊടുക്കുന്നത്. ഈ ബ്ലെയറിന് ഇക്കൊല്ലത്തേതല്ലെങ്കിൽ അടുത്ത വർഷത്തെ സമാധാനത്തിനുള്ള നോബൽ സമ്മാനവും ലഭിച്ചേക്കും. സൽമാൻ റുശ്ദിയെന്ന 'പഞ്ച് ബോക്സിൽ' ഇടിച്ച് അരിശം തീർത്തവർ ബ്ലെയറിന്റെ നോബൽ പുരസ്കാരത്തോട് എങ്ങനെയാവും പ്രതികരിക്കുക?

ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട് എന്ന നാടൻ ചൊല്ലിനെ അന്വർഥമാക്കുന്നതാണ് ഈ സമ്മാനങ്ങളും പദവികളും ചുമതലകളുമൊക്കെ. കൊടുക്കുന്നവനും വാങ്ങുന്നവനും ഏറ്റുപിടിക്കുന്നവനുമൊക്കെ വ്യത്തികേടിന്റെ പര്യായമായി മാറിക്കഴിഞ്ഞവർ. അവർ അന്യോന്യം പൊന്നാട പുതപ്പിച്ചതുകൊണ്ട് ബുദ്ധിയുള്ള മനുഷ്യന്റെ മുമ്പിൽ റുശ്ദി 'സർ' ആവുകയോ ബ്ലെയർ 'മാലാഖ' ആവുകയോ ചെയ്യുന്നില്ല. ഇരുവരുടെയും ദേഹത്തുനിന്നും വമിക്കുന്ന മതവൈരത്തിന്റെയും മനുഷ്യക്കുരുതിയുടെയും ദുർഗന്ധം ലോകത്ത് ഇല്ലാതാവുന്നുമില്ല. റുശ്ദിയെന്ന വ്യക്തിക്കു മാത്രമാണ് പത്തുകാശിന്റെയെങ്കിലും നേട്ടമുണ്ടാവുന്നത്. അതോടൊപ്പം അടുത്ത ഒളിജീവിതം ആരംഭിക്കേണ്ട ഗതികേടും അദ്ദേഹത്തിന് സർ പദവിയിലൂടെ സമ്മാനം കിട്ടുന്നു. എന്നാൽ മുസ്ലിംകൾക്കും ഇംഗ്ലണ്ടിനും ആഗോളതലത്തിൽ ദോഷം മാത്രമാണ് ഉണ്ടായത്. ഇറാനിലും പാകിസ്താനിലും കശ്മീരിലുമൊക്കെ നടക്കുന്ന അതിവൈകാരികമായ സമരങ്ങൾ ചൂണ്ടിക്കാട്ടി കുറ്റം പിന്നെയും 'മുസ്ലിം മതമൗലികവാദ'ത്തിന്റെ തലയിൽ കെട്ടിവെക്കാനാണ് 'ഭീകരവിരുദ്ധ പോരാട്ട'ത്തിന്റെ പ്രായോജകർ ഇപ്പോൾ തിരക്കു കൂട്ടുന്നത്. ഇസ്ലാം ചർച്ചക്കു വഴങ്ങാത്ത 'ആഗോള ദുരന്തമാണെന്ന്' പ്രചാരണവും ഇതിന്റെ മറവിൽ അരങ്ങുതകർക്കുന്നു. സ്വന്തം രാജ്യത്തെ മുസ്ലിം പൗരന്മാരുടെ പോലും വികാരം കണക്കിലെടുക്കാതെ ഏറ്റവും മോശപ്പെട്ട രീതിയിൽ 'സർ' പദവി രാഷ്ട്രീയമായി ദുരുപയോഗം ചെയ്തെന്ന ആരോപണമാണ് ഇംഗ്ലണ്ടിന് നേരിടേണ്ടിവരുന്നത്.

■